# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in&kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

എ.എ.എസ് 40/2020(79), ചൊവ്വാഴ്ച **തീയ്യതി 29.09.2020**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച വെള്ളാനിക്കരയിൽ 25.1 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 28.9 മുതൽ 32.0 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.6 മുതൽ 23.6 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 93 മുതൽ 98 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 63 മുതൽ 78 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.8 മുതൽ 2.4 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.0 മുതൽ 6.1 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.2 മുതൽ 2.9 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 30.09.2020 | 01.10.2020 | 02.10.2020 | 03.10.2020 | 04.10.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 12 | 2 | 2 | 0.5 | 0 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 30 | 30 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 73 | 73 | 73 | 73 | 73 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 6 | 10 | 10 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 250 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ട) | 8 | 7 | 6 | 7 | 6 |
| **ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ നേരിയ തോതിൽ മഴയ്ക്ക് സാധ്യത.** | | | | | |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: കുറഞ്ഞ മഴയ്ക്ക് സാധ്യതയുള്ളതിനാൽ വിളകൾക്ക് വള പ്രയോഗവും കീടനാശിനി പ്രയോഗവും നടത്താവുന്നതാണ്** | | |
| **നെല്ല്** (മുണ്ടകൻ) | നിലമൊരുക്കൽ മുതൽ പറിച്ചുനടീൽ വരെ | മുണ്ടകൻ കൃഷി ഇറക്കുന്ന പാടങ്ങളിൽ നിലം ഒരുക്കലും ഞാറ്റടി തയ്യാറാക്കലും ആരംഭിക്കാം. സ്യൂഡോമോണാസ് കൾച്ചറിന്റെ ലായനിയിൽ വേര് അരമണിക്കൂർ കുതിർത്തു നട്ടാൽ പിന്നീട് പോളരോഗം, പോള അഴുകൽ, ഇലപ്പുള്ളി രോഗങ്ങൾ ഒരു പരിധിവരെ തടയാം. പറിച്ചുനടുന്നതിനു മുൻപ് 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. നെല്ലിലെ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി നെല്ലിനുള്ള സമ്പൂർണ്ണ വളം 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| തെങ്ങ് | പരിചരണം | ഒരു വർഷത്തേക്കുള്ള രാസവള പ്രയോഗത്തിന്റെ രണ്ടാം ഗഡു, ജലസേചന സൗകര്യമുള്ള തെങ്ങുകൾക്ക് 550 ഗ്രാം യൂറിയ,700 ഗ്രാം രാജ്ഫോസ്,800 ഗ്രാം പൊട്ടാഷ് വീതവും മഴയെ ആശ്രയിച്ചു കൃഷി ചെയ്യുന്ന തെങ്ങുകൾക്ക് 500 ഗ്രാം യൂറിയ, 800 ഗ്രാം രാജ്ഫോസ്, ഒരു കിലോ പൊട്ടാഷ് എന്നിവ തെങ്ങൊന്നിന് ഇട്ടു കൊടുക്കാവുന്നതാണ്. |
| ഇഞ്ചി | തണ്ടുതുരപ്പൻ | ഇഞ്ചിയിൽ തണ്ടുതുരപ്പന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി ബ്യുവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| കുരുമുളക് | ദ്രുതവാട്ടം | മഴക്കാലത്ത് കുരുമുളകിലെ ദ്രുതവാട്ട രോഗത്തെ പ്രതിരോധിക്കാനായി രണ്ടു കിലോ ട്രൈക്കോഡർമ, 90 കിലോ ചാണകപ്പൊടിയും, 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടി കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്ക വണ്ണം രണ്ടാഴ്ച്ചത്തേയ്ക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ടു കൊടുക്കുക. |
| പച്ചക്കറികൾ (പയർ) | കരിവള്ളിക്കേട് | മഴക്കാലത്ത് പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി ഒരു ശതമാനം ബോർഡോമിശ്രിതം കലക്കി തളിക്കുക അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കന്നുകാലികൾക്ക് നിത്യവും പച്ചപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുക. വിറ്റാമിൻ ധാതുലവണ മിശ്രിതം നിർദ്ദിഷ്ട അളവിൽ നിത്യേന നൽകുക. | |